


# മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കുവിൻ

**ഏശയ്യാ 2: 1–5; നിയമാ. 4: 1–8; 1 കോറി. 10: 23–31; ലൂക്കാ. 12: 57, 13–5** (Vol. 10, Issue 03)

ബ്ര. ജോസഫ് പറഞ്ഞാട്ട് MCBS

ദിവ്യകാരുണ്യ ഈശോയിൽ പ്രിയപ്പെട്ടവരെ,

പ്രകൃതിദുരന്തങ്ങളും അപകടങ്ങളും മനുഷ്യമനസ്സിന് ഉത്തരം കിട്ടാത്ത രഹസ്യങ്ങൾ തന്നെയാണ്. ജീവിതദുഃഖങ്ങളുടെ ഏകാന്തനിമിഷങ്ങളിൽ നാമെല്ലാവരും ഒരിക്കലെങ്കിലും ഉന്നയിച്ചിട്ടുള്ള ഒരു ചോദ്യമാണ് 'ദൈവമേ, എന്തുകൊണ്ട് നീ എന്നോട് ഇപ്രകാരം ചെയ്യുന്നു?' ഓരോ ദിവസവും പത്രമാധ്യമങ്ങളിലൂടെ മനുഷ്യരനുഭവിക്കുന്ന ദുരന്തങ്ങളുടെ കഥകൾ നാം വായിച്ചറിയുന്നുണ്ട്. സ്വന്തം മക്കളെപ്പോലെ താൻ സ്നേഹിച്ച വിദ്യാർത്ഥികളുടെ ജീവൻ രക്ഷിക്കാൻ സ്വന്തം ജീവൻ ഹോമിച്ച രേവതി എന്ന അധ്യാപിക, അപകടത്തിൽപ്പെട്ട ബന്ധുവിനെയും കൊണ്ട് ആംബുലൻസിൽ പോകവെ ടാങ്കർ ലോറിയിടിച്ച് ജീവൻ നഷ്ടപ്പെട്ട സുഹൃത്തുക്കളും ബന്ധുക്കളും, മത-തീവ്രവാദികളുടെ ബുദ്ധിഹീനതയ്ക്കു മുന്നിൽ സ്വന്തം ജീവൻ അടിയറ വയ്ക്കേണ്ടി വന്ന സിറിയയിലെയും ശ്രീലങ്കയിലെയും നിരപരാധികൾ...

സർവ്വപരിപാലകനായ ദൈവമേ, അങ്ങയുടെ കൺമുമ്പിൽ എങ്ങനെ ഇത്തരം ദുരന്തങ്ങൾ അരങ്ങേറുന്നുവെന്നതാണ് ഓരോ വിശ്വാസിയെയും ചഞ്ചലപ്പെടുത്തുന്ന ഒരു ചോദ്യം. മനുഷ്യന്റെ ഈ സഹനങ്ങളെയും ദുരന്തങ്ങളെയും വ്യാഖ്യാനിക്കാൻ പലരും ശ്രമിച്ചിട്ടുണ്ട്. യഹൂദചിന്തയനുസരിച്ച്, നീതിമാൻ ദൈവത്താൽ സമ്മാനിതനായി ഈ ലോകത്തിൽ നീണ്ടതും സമൃദ്ധവുമായ ഒരു ജീവിതം നയിക്കുമെന്നും പാപികളുടെ ജീവിതം അവരുടെ പാപം മൂലം അവിടുന്ന് വെട്ടിക്കുറയ്ക്കുമെന്നും അവർ കരുതിയിരുന്നു. പാപം ചെയ്യാത്ത പിഞ്ചുകുഞ്ഞുങ്ങൾക്കുണ്ടാകുന്ന സഹനങ്ങളെ മാതാപിതാക്കളുടെ പാപങ്ങൾക്കുള്ള ശിക്ഷയായി വ്യാഖ്യാനിക്കുന്നവരുമുണ്ട്.

ജ്യോതിശാസ്ത്രപ്രകാരം മനുഷ്യദുരന്തങ്ങളുടെ ഉത്തരവാദി ആകാശഗോളങ്ങളാണ്. ശനിയും ശുക്രനും രാഹുവും ഗുളികനുമൊക്കെ സ്ഥാനം തെറ്റി നിന്നാൽ അനർത്ഥങ്ങൾ അതിഥികളായെത്തുമെന്ന് അവർ വ്യാഖ്യാനിക്കുന്നു.

എന്നാൽ, ഇന്നത്തെ സുവിശേഷത്തിൽ ഗലീലിയാക്കാരെ പീലാത്തോസ് വധിച്ച സംഭവത്തിലൂടെയും സീലോഹയിൽ ഗോപുരം ഇടിഞ്ഞുവീണ് പതിനെട്ടു പേർ മരിച്ച സംഭവത്തിലൂടെയും ഈശോ നമ്മോട് പറയുന്നു: ദുരന്തവാർത്തകളെ വ്യാഖ്യാനിക്കുകയല്ല മറിച്ച്, അവയിൽ നിന്ന് പാഠം ഉൾക്കൊള്ളുകയാണ് വേണ്ടത്. ഓരോ ദുരന്തവാർത്തകളിൽ നിന്നും എന്തു പാഠമാണ് നാം ഉൾക്കൊള്ളേണ്ടതെന്ന് വളരെ വ്യക്തമായി ഈശോ പറഞ്ഞുതരുന്നുണ്ട്. അതും ഒന്നല്ല രണ്ട് പ്രാവശ്യം. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും (ലൂക്കാ 13:3; 13:5). അതായത് ക്രിസ്തുദർശനത്തിൽ ഭൗതികദുരന്തങ്ങളെക്കാളും ഏറ്റവും വലിയ ദുരന്തം മാനസാന്തരപ്പെടാത്ത അവസ്ഥയാണ്.

എന്താണ് മാനസാന്തരം അഥവാ പശ്ചാത്താപം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? പുതിയ നിയമം വിവർത്തനം ചെയ്തിരിക്കുന്ന ഗ്രീക്ക് ഭാഷയിൽ മാനസാന്തരത്തിന്, സമ്പൂർണ്ണമായ ആന്തരികനവീകരണം, ഒരു പുതിയ സൃഷ്ടിയായിത്തീരൽ എന്നീ അർത്ഥങ്ങളുണ്ട്. അങ്ങനെ നോക്കുമ്പോൾ മാനസാന്തരം എന്നുപറഞ്ഞാൽ, അതൊരു ആന്തരീകനവീകരണമാണ്. പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ ധരിക്കലാണ്. പുതിയ സൃഷ്ടിയായി രൂപപ്പെടലാണ്. ഈയൊരു മാനസാന്തരാനുഭവത്തിലേയ്ക്ക് കടന്നുവരാനുള്ള കുറുക്കുവഴി വി. ലൂക്കാ സുവിശേഷകൻ തന്റെ സുവിശേഷ

ത്തിൽ പലയിടങ്ങളിലായി രേഖപ്പെടുത്തിയിട്ടുണ്ട്. സുവിശേഷമാകുന്ന വയലിൽ ഒളിപ്പിച്ചുവച്ചിരിക്കുന്ന ആ നിധി നമുക്ക് കണ്ടുപിടിക്കാം.

വി. ലൂക്കായുടെ സുവിശേഷത്തിൽ ഏകദേശം 10 തവണയോളം മാനസാന്തരത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. മാനസാന്തരപ്പെടാനുള്ള സ്നാപകയോഹന്നാന്റെ ആഹ്വാനത്തോടെ ആരംഭിക്കുന്ന ലൂക്കാ സുവിശേഷത്തിൽ പാപിയുടെ മാനസാന്തരമാണ് ഏറ്റവും സന്തോഷം നൽകുന്ന സംഗതിയെന്ന് ആവർത്തിച്ചു പറയുന്നുണ്ട്. എന്നാൽ, മാനസാന്തരത്തെപ്പറ്റിയുള്ള രണ്ട് പരാമർശങ്ങളിൽ മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കാത്ത നഗരങ്ങളെക്കുറിച്ചും (ലൂക്കാ 10:13) തലമുറയെപ്പറ്റിയും (ലൂക്കാ 11:32) ഈശോ പറയുന്നത് ഒരേ കാര്യം തന്നെയാണ്.

ലൂക്കാ 10:13-ൽ നാം ഇപ്രകാരം വായിക്കുന്നു. "കൊറാസിൻ നിനക്ക് ദുരിതം! ബേത്സയ്ദാ നിനക്ക് ദുരിതം. നിങ്ങളിൽ നടന്ന അത്ഭുതങ്ങൾ ടയിറിലും സീദോനിലും നടന്നിരുന്നുവെങ്കിൽ അവിടുത്തെ ജനം ചാക്കുടുത്തും ചാരം പൂശിയും പണ്ടേതന്നെ പശ്ചാത്തപിക്കുമായിരുന്നു." തന്റെ അത്ഭുതങ്ങൾ കണ്ടിട്ടും പ്രബോധനങ്ങൾ ശ്രവിച്ചിട്ടും മാനസാന്തരപ്പെടാത്ത നഗരങ്ങളെ പറ്റിയുള്ള യേശുവിന്റെ നൊമ്പരമാണിത്. വീണ്ടും 11: 32-ൽ നാം ഇപ്രകാരം വായിക്കുന്നു. "നിനവെ നിവാസികൾ വിധിദിവസത്തിൽ ഈ തലമുറയോടുകൂടെ ഉ യിർത്തെഴുന്നേൽക്കുകയും ഇതിനെ കുറ്റം വിധിക്കുകയും ചെയ്യും. എന്തെന്നാൽ, യോനായുടെ പ്രസംഗം കേട്ട് അവർ പശ്ചാത്തപിച്ചു. എന്നാൽ ഇതാ, ഇവിടെ യോനായെക്കാൾ വലിയവൻ." യോനായുടെ പ്രസംഗം കേട്ടാണ് നിനവെ നിവാസികൾക്ക് പശ്ചാത്താപമുണ്ടായത്. എങ്കിൽ ഇതാ, ഇവിടെ യോനായെക്കാൾ വലിയവനായ ക്രിസ്തു. എന്നാൽ, വാക്കുകളും പ്രവർത്തികളും കണ്ട തലമുറ മാനസാന്തരത്തിന് യോജിച്ച ഫലം പുറപ്പെടുവിക്കാത്തതാണ് യേശുവിനെ വിഷമിപ്പിക്കുന്നത്. അതായത് പ്രിയമുള്ളവരേ, കണ്ടിട്ടും കേട്ടിട്ടും അനുഭവിച്ചിട്ടും മിശിഹായെ തിരിച്ചറിയുകയോ അവിടുന്നിൽ വിശ്വസിക്കുകയോ ചെയ്യാത്തതു കൊണ്ടാണ് നമുക്ക് പുതിയ സൃഷ്ടിയായിത്തീരാൻ - ആന്തരിക നവീകരണം പ്രാപിക്കാൻ കഴിയാത്തത്.

പഴയനിയമ ഇസ്രായേലിന്റെ പ്രധാനപ്രശ്നവും ഇതു തന്നെയായിരുന്നു. ഈജിപ്തിൽ നിന്ന് തങ്ങളെ രക്ഷിച്ച ദൈവത്തിന്റെ അത്ഭുതങ്ങളും അടയാളങ്ങളും കണ്ടിട്ടും അനുഭവിച്ചിട്ടും കൂടെ നടന്ന ദൈവത്തെ തിരിച്ചറിയാതെ വിജാതീയവിഗ്രഹങ്ങളിലേയ്ക്ക് അവർ ശ്രദ്ധ കേന്ദ്രീകരിച്ചു. ഫലമോ.. പ്രവാചകന്മാരിലൂടെ അവിടുന്ന് കൊടുത്ത മുന്നറിയിപ്പുകളെ അവർ അവഗണിച്ചു. മാനസാന്തരപ്പെടാൻ മനസ്സു കാട്ടാത്തതിനാൽ ദൈവം അവരെ വിദേശിയർക്ക് ഏൽപ്പിച്ചുകൊടുത്തു.

പ്രിയമുള്ളവരേ, നമുക്ക് നമ്മുടെ ജിവിതങ്ങളെ ആത്മ പരിശോധനയ്ക്ക് വിധേയമാക്കാം. നമ്മുടെ അനുദിനജീവിതത്തിൽ എത്രമാത്രം ദൈവസാന്നിധ്യം നാം അനുഭവിച്ചറിയുന്നുവോ അതിനനുസരിച്ചു മാത്രമേ നമുക്ക് മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കുവാൻ സാധിക്കൂ. വെറുതെയൊന്ന് ചിന്തിച്ചുനോക്കിയാൽ നമുക്ക് മനസിലാവും ഒരു നല്ല കുമ്പസാരം നടത്തിക്കഴിയുമ്പോൾ അല്ലെങ്കിൽ ഒരു വാർഷികധ്യാനം കൂടിക്കഴിയുമ്പോൾ എന്തെന്നില്ലാത്ത ഒരു ആനന്ദം നമുക്ക് അനുഭവിക്കാനാവുന്നത്. കാരണം, നാം ദൈവസാന്നിധ്യാവബോധത്തിലാണ്. അപ്പോൾ നമ്മുടെ ഒരു സുഹൃത്ത് നമ്മെ അടിക്കുകയോ കുറ്റം പറയുകയോ ചെയ്താൽ നാം ക്ഷമിക്കും സഹിക്കും. കാരണം, നമ്മിലെ ദൈവസാന്നിധ്യാവബോധം നമ്മോട് പറയും നിന്റെ സഹോദരനോട് ഏഴല്ല ഏഴുപത് പ്രാവശ്യം നീ ക്ഷമിക്കണം. എന്നാൽ ഒന്നു-രണ്ട് ആഴ്ചയൊക്കെ കഴിഞ്ഞാലോ ഈയൊരു ദൈവസാന്നിധ്യാവബോധം നാം മെല്ലെ മറക്കാൻ തുടങ്ങും. നമ്മുടെ കാഴ്ച്ചപ്പാടുകൾ മാറും. അപ്പോൾ അതേ സുഹൃത്ത് നമ്മെ തമാശയ്ക്ക് അടിച്ചാലോ, കളിയാക്കിയാലോ നമ്മുടെ മനസിലേയ്ക്കു വരുന്ന വചനം എന്തായിരിക്കും. പഴയനിയമത്തിൽ നാം കാണുന്ന ഹമുറാമ്പിയുടെ നീതിവാചകം തന്നെ - 'പല്ലിനു പകരം പല്ല്, കണ്ണിനു പകരം കണ്ണ്.'

അതിനാൽ, നമുക്ക് മനസിൽ കുറച്ചിടാം. മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, ദൈവസാന്നിധ്യാവബോധത്തിൽ നാം നിരന്തരം വ്യാപരിക്കണം. അവിടുന്ന് നമുക്ക് നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെപ്പറ്റി ഓർത്തുകൊണ്ട് അവിടുത്തോട് ചേർന്നുനിൽക്കണം. വിഗ്രഹാരാധനയുടെ പിറകെപോയ ഇസ്രായേൽ ജനതയോട് മോശ ആവശ്യപ്പെടുന്നതും ഇതുതന്നെയാണ്. 'നിങ്ങളുടെ ദൈവമായ കർത്താവിനോട് ചേർന്നുനിന്നാൽ നിങ്ങൾ എന്നും ജീവിക്കും' (നിയമാ. 4:4).

പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നതും ദൈവസാന്നിധ്യാവബോധം നിരന്തരം കാത്തുസൂക്ഷിക്കാനാണ്. നിങ്ങൾ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ മറ്റെന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ അവയെല്ലാം ദൈവമഹത്വത്തിനായി ചെയ്യുവിൻ (1 കൊറി. 10:31). മരണമെത്തുന്ന വിനാഴികയിൽ തന്റെ സമീപത്ത് ക്രൂശിക്കപ്പെട്ടിരിക്കുന്നത് ലോകരക്ഷകനായ ക്രിസ്തുവാണെന്ന അവബോധം നല്ല കള്ളന് രക്ഷയിലേയ്ക്കുള്ള വാതിൽ തുറന്നുവെങ്കിൽ, അതേ ദിവ്യകാരുണ്യം സ്വീകരിക്കുന്ന നാം, എന്റെയുള്ളിലേയ്ക്ക് എഴുന്നള്ളി വന്നത് ഈശോ തന്നെയാണെന്ന അവബോധത്തിൽ ആഴപ്പെട്ട് ജീവിക്കുകയാണെങ്കിൽ നമുക്കും ഒരു പുതിയ സൃഷ്ടിയായി മാറാൻ സാധിക്കും.

നമുക്ക് പ്രാർത്ഥിക്കാം ഈശോയെ, മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതിന് ഏറ്റവും ആവശ്യമായി വേണ്ടത് നീ ഞങ്ങളിലുണ്ട് എന്ന ബോധ്യമാണല്ലോ. ഈശോയെ, അനുദിനജീവിതത്തിൽ നിന്റെ സാന്നിധ്യത്തെപ്പറ്റി ധ്യാനിക്കാൻ നീ നൽകുന്ന അനുഗ്രഹങ്ങൾക്ക് നന്ദിപറഞ്ഞ് അങ്ങനെ നിന്റെ പ്രകാശത്തിൽ വ്യാപരിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കേണമെ. ആമ്മേൻ.